**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3095** **14-02-2024 - ൽ മറുപടിയ്ക്ക്**

**വേലുത്തി തോട്ടിൽ പമ്പ് ഹൗസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ മോര്യ കാപ്പ് വേലുത്തി തോട്ടിൽ പുതിയ പമ്പ് ഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ മോര്യകാപ്പ് വേലുത്തിതോട്ടിൽ പുതിയ പമ്പ്ഹൗസ് നിർമ്മാണം മോര്യകാപ്പ് പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. മോര്യകാപ്പ് പദ്ധതിയുടെ ബാലൻസ് പ്രവർത്തികളുടെ പുതുക്കിയ DPR തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ പ്രവൃത്തിയുടെ ഫയൽ ഏത് ഓഫീസിലാണുള്ളത്; എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | മോര്യകാപ്പ് ജലസേചനവുമായി ബന്ധപ്പെട്ട് PRICE-3 യിൽ പുതിയനിരക്കിലുള്ള 7.50 കോടി രൂപയുടെ എസ്റ്റിമേറ്റ് GENERAL-Improvements to Moryakappu – Improvements to Moryakappu (farmers Natural water source) in Nannambra Panchayath in Malappuram District–Phase-1 General Civil work തയ്യാറാക്കി വരുന്നു. നിലവിൽ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സെക്ഷൻ തിരൂരങ്ങാടിയുടെ പക്കലാണ്. |
| (സി) | തിരൂരങ്ങാടി മണ്ഡലത്തിലെ മോര്യാ കാപ്പ്, തിരുത്തി, കുറ്റൂൽ പാടശേഖരങ്ങളിൽ കൃഷിയിറക്കണമെങ്കിൽ ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാടശേഖരങ്ങളിലെ അമിതമായുള്ള വെള്ളം ഒഴിവാക്കുന്നതിനും കൃഷിയുടെ അവസാനസമയങ്ങളിൽ വെള്ളം പാടശേഖരങ്ങളിലേക്ക് പമ്പ് ചെയ്യുന്നതിനുമാണ് വേലുത്തിതോട്ടിൽ റിക്ലമേഷൻ പമ്പ് ഹൗസ് മേൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വേലുത്തിതോട്ടിൽ പമ്പ് ഹൗസ് നിർമ്മാണവും മോര്യകാപ്പ് പദ്ധതിയും പൂർത്തിയാകുന്നതോടു കൂടി മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാര മാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഈ മൂന്ന് പാടശേഖരങ്ങളിലും അമിതമായുള്ള വെള്ളം ഒഴിവാക്കേണ്ടി വരുന്നതിനാലും കൃഷിയുടെ അവസാന സമയങ്ങളിൽ വെള്ളം ലഭ്യമല്ലാത്തതു മൂലവും കൃഷി ഇറക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാടശേഖരങ്ങളിലെ അമിതമായുള്ള വെള്ളം ഒഴിവാക്കുന്നതിനും കൃഷിയുടെ അവസാനസമയങ്ങളിൽ വെള്ളം പാടശേഖരങ്ങളിലേക്ക് പമ്പ് ചെയ്യുന്നതിനുമാണ് വേലുത്തിതോട്ടിൽ റിക്ലമേഷൻ പമ്പ് ഹൗസ് മേൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വേലുത്തിതോട്ടിൽ പമ്പ് ഹൗസ് നിർമ്മാണവും |

| | | | |
|---|---|---|---|
| | | | മോര്യകാപ്പ് പദ്ധതിയും പൂർത്തിയാക്കുന്നതോടു കൂടി മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാര മാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | വേലുത്തി തോട്ടിൽ പമ്പ് ഹൗസ് നിർമ്മിക്കുന്നതോടു കൂടി മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വിശദമാക്കാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാടശേഖരങ്ങളിലെ അമിതമായുള്ള വെള്ളം ഒഴിവാക്കുന്നതിനും കൃഷിയുടെ അവസാനസമയങ്ങളിൽ വെള്ളം പാടശേഖരങ്ങളിലേക്ക് പമ്പ് ചെയ്യുന്നതിനുമാണ് വേലുത്തിതോട്ടിൽ റിക്ലമേഷൻ പമ്പ് ഹൗസ് മേൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വേലുത്തിതോട്ടിൽ പമ്പ് ഹൗസ് നിർമ്മാണവും മോര്യകാപ്പ് പദ്ധതിയും പൂർത്തിയാക്കുന്നതോടു കൂടി മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാര മാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ